**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2002** **12-09-2023 - ൽ മറുപടിയ്ക്ക്**

**എ. ഐ. ക്യാമറ - കോസ്റ്ററ് മോഡലിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സേഫ് കേരള പദ്ധതിയുടെ ഭാഗമായി എ ഐ ക്യാമറകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച് കെൽട്രോൺ സമർപ്പിച്ച കോസ്റ്റ് മോഡലിംഗ് മോട്ടോർ വാഹന വകുപ്പ് പരിശോധിച്ചിരുന്നോ; | (എ) | പരിശോധിച്ചിരുന്നു. |
| (ബി) | പ്രസ്തുത സ്ഥാപനം സമർപ്പിച്ച കോസ്റ്റ് മോഡലിംഗിന്റെ അടിസ്ഥാനത്തിലാണോ ബി.ഒ.ഒ.ടി. (ബിൽഡ് ഓൺ ഓപ്പറേറ്റ് ട്രാൻസ്ഫർ) അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചതെന്ന് വ്യക്തമാക്കാമോ; | (ബി) | Annuity with assured payment "എന്നാണ് കെൽട്രോൺ സമർപ്പിച്ച പ്രൊപ്പോസലിന്റെ (പദ്ധതിയുടെ ) ശരിയായ പേര് . 'BOOT'എന്നുള്ളത് തെറ്റായി കൊടുത്തിട്ടുള്ള ഒരു പേരാണ്. ടി പദ്ധതിയ്ക്ക് സമഗ്ര ഭരണാനുമതി നൽകികൊണ്ടുള്ള 18 -04 -2023 ലെ സ .ഉ (കൈ )നമ്പർ .26/2023/TRANS പ്രകാരമുള്ള അന്തിമ ഉത്തരവിൽ ഇക്കാര്യം വിശദമാക്കിയിട്ടുണ്ട് . |
| (സി) | പ്രസ്തുത സ്ഥാപനം സമർപ്പിച്ച കോസ്റ്റ് മോഡലിംഗിന്റെ പ്രായോഗികത സംബന്ധിച്ച് മോട്ടോർ വാഹന വകുപ്പ് വിശദമായ പരിശോധന നടത്തിയിരുന്നോയെന്നും പരിശോധനയുടെ ഭാഗമായി എന്തൊക്കെ നിർദ്ദേശങ്ങളാണ് വകുപ്പ് മുന്നോട്ടു വെച്ചതെന്നും വ്യക്തമാക്കാമോ; | (സി) | 22.10.2019 ന് മോട്ടോർ വാഹന വകുപ്പിലെ ടെക്നിക്കൽ കമ്മിറ്റി പ്രസ്തുത പ്രോജക്റ്റ് പ്രൊപ്പോസൽ വിലയിരുത്തുകയുണ്ടായി. ടി പദ്ധതിയ്ക്കായി 5 വർഷം കൊണ്ട് 20 തുല്യ ത്രൈമാസ ഗഡുക്കളായി പണം നൽകിയാൽ മതിയെന്നും സർക്കാരിന് മുൻകൂർ പണം മുടക്കേണ്ടതില്ലാത്തതിനാൽ ,ടെക്നിക്കൽ കമ്മിറ്റി, പ്രസ്തുത പ്രോജക്റ്റ് പ്രൊപ്പോസൽ സർക്കാരിന് അനുയോജ്യമാണെന്ന് വിലയിരുത്തി സർക്കാരിലേക്ക് ശുപാർശ ചെയ്യുകയുണ്ടായി . |
| (ഡി) | പ്രസ്തുത സ്ഥാപനം നൽകിയ കോസ്റ്റ് മോഡലിംഗ് സംബന്ധിച്ച് ധനകാര്യ വകുപ്പ് രേഖപ്പെടുത്തിയിരുന്ന വിയോജിപ്പിന് മോട്ടോർ വാഹന വകുപ്പ് നൽകിയ മറുപടി വിശദമാക്കാമോ? | (ഡി) | കോസ്റ്റ് മോഡലിംഗിനെ സംബന്ധിച്ച് ധനകാര്യ വകുപ്പ് വിയോജനകുറിപ്പ് രേഖപ്പെടുത്തിയിട്ടില്ല.പകരം കൂടുതൽ വിശദാംശം ആവശ്യപ്പെടുകയാണുണ്ടായത് . |

സെക്ഷൻ ഓഫീസർ